സുൽത്താൻ ബത്തേരിയിൽ സിവിൽ സപ്ലൈസ് സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി

103 (814)ശ്രീ. വർഗ്ഗീസ് വൈദ്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരിയിൽ സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) എന്നുമുതൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കും എന്നറിയിക്കുമോ?

ഉത്തരം

(എ) മറ്റുള്ള സ്ഥലങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതോടെപ്പം സുൽത്താൻബത്തേരിയിലും സൂപ്പർ മാർക്കറ്റ് തുടങ്ങാൻ തീരുമാനമെടുത്തിരിക്കുന്നു. എന്നാൽ നിലവിലുള്ള സൂപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം ഒന്നുകൂടി ശക്തിപ്പെടുത്തിയതിനുശേഷം മാത്രമെ പുതിയവ തുടങ്ങാൻ നിവൃത്തിയുള്ളൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തലശ്ശേരി താലൂക്കിൽ പുതിയ റേഷൻകാർഡുകൾ നൽകുന്നതിന് നടപടി

104(815) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കിൽ പുതിയ റേഷൻ കാർഡുകൾ നൽകുവാനില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവിടെ ആവശ്യത്തിന് റേഷൻ കാർഡുകൾ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) റേഷൻ കാർഡ് നൽകുന്നതിന് തടസ്സമൊന്നും ഇല്ല. പരാതി കൂടാതെ അർഹമായ കേസുകളിൽ കാർഡ് നൽകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ റേഷൻ കടകൾ

105 (816)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകടകൾ അനുവദിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) റേഷൻ കാർഡ് ഉടമകളുടെ സൗകര്യംകൂടി കണക്കിലെടുത്ത് പുതിയ കടകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

(സി) പുതുപ്പള്ളി പഞ്ചായത്തിൽ ഇരവിനെല്ലൂരിൽ ഒരു റേഷൻകട പുതുതായി ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly